**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമ പഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീമതി എച്ച്. റിനിജയുടെ ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ).നം.2104/ 2016/തസ്വഭവ തീയതി, തിരുവനന്തപുരം, 11/7/2016

---

പരാമർശം: 1) ശ്രീമതി എച്ച്. റിനിജയുടെ 16.03.2016 ലെ ശൂന്യവേതനാവധിയപേക്ഷകൾ

2) പഞ്ചായത്ത് ഡയറക്ടറുടെ 20.03.2011 & 12.4.2016 ലെ ഇ 6-33627/11 നമ്പർ കത്തുകൾ.

## ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമ പഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീമതി എച്ച്. റിനിജയുടെ ഹാജരില്ലായ്മക്കാലയളവ് ക്രമീകരിക്കാൻ പരാമർശം 2 ലെ 20.03.2011 ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി . എച്ച് . റിനിജ 17.12.2007 ന് സേവനത്തിൽ പ്രവേശിച്ചു. ടിയാളുടെ പ്രൊബേഷൻ 13.08.2010 തീയതിയിൽ പൂർത്തിയായതായി പ്രഖ്യാപിച്ചിട്ടുണ്ട്. ശ്രീമതി . എച്ച് . റിനിജ 31.08.2009 മുതൽ 28.12.2009 വരെയുള്ള ശൂന്യവേതനാവധിക്ക് ശേഷം 29.12.2009 ൽ തിരികെ ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് 31.12.2009 വരെ (3 ദിവസം ) സേവനമനുഷ്ഠിച്ച ശേഷം 01.01.2010 മുതൽ 31.03.2010 വരെ വീണ്ടും ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു . ശൂന്യവേതനാവധിക്ക് ശേഷം ടിയാൾ 01.04.2010 മുതൽ 27.09.2010 വരെ പ്രസവാവധിയിലും തുടർന്ന് 28.09.2010 മുതൽ 26.11.2010 വരെ പ്രസവാവധിയെത്തുടർന്നുള്ള ശൂന്യവേതനാവധിയിലും പ്രവേശിച്ചിരുന്നു. തുടർന്ന് 27.11.2010 മുതൽ 29.11.2010 വരെ ആർജ്ജിതാവധി എടുത്ത ശേഷം ടിയാൾ 30.11.2010 ൽ തിരികെ ജോലിയിൽ പ്രവേശിച്ചു.

3. ശ്രീമതി എച്ച് . റിനിജ 31.08.2009 മുതൽ 28.12.2009 വരെയുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലുള്ള ശൂന്യവേതനാവധിക്ക് ശേഷം 01.01.2010 മുതൽ 26.11.2010 വരെ (01.04.2010 മുതൽ 24.09.2010 വരെ പ്രസവാവധി) തുടർച്ചയായി അവധിയിലായിരുന്ന സാഹചര്യത്തിൽ പ്രസവാവധി ഒഴികെയുള്ള 01.01.2010 മുതൽ 31.03.2010 വരെയും 28.09.2010 മുതൽ 26.11.2010 വരെയും ഉള്ള ശൂന്യവേതനാവധി 90 ദിവസത്തിൽ കൂടുതലായതിനാൽ, ടി കാലയളവു കൂടി ശൂന്യവേതനാവധിയായി ക്രമീകരിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണെന്ന് കണ്ട് ശൂന്യവേതനാവധി അനുവദിച്ച മെഴുവേലി ഗ്രാമ പഞ്ചായത്ത്

സെക്രട്ടറിയുടെ 01.01.2010 ലെ ഉത്തരവും പ്രസവാവധിയ്ക്ക് തുടർച്ചയായി 60 ദിവസത്തെ ശൂന്യവേതനാവധി അനുവദിച്ച ഉത്തരവും റദ്ദ് ചെയ്ത് ടിയാളുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി റിപ്പോർട്ട് സമർപ്പിയ്ക്കാൻ പഞ്ചായത്ത് ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടു.

4. ശ്രീമതി . എച്ച് . റിനിജ 31/08/2009 മുതൽ 28/12/2009 വരെയുള്ള കാലയളവിലേയ്ക്ക് സമർപ്പിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവയും പരാമർശം 1 പ്രകാരം സമർപ്പിച്ച പുതുക്കിയ അവധിയപേക്ഷകളും പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിയ്ക്കുകയുണ്ടായി. 01/01/2010 മുതൽ 31/03/2010 വരെ കാലയളവിലേയ്ക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു പോയതിനാൽ പകർപ്പ് മാത്രമേ സമർപ്പിച്ചിട്ടുള്ളൂ.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമ പഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീമതി എച്ച്. റിനിജയ്ക്ക് 31.08.2009 മുതൽ 28.12.2009 വരെ കെ.എസ്.ആർ. ഭാഗം I, ചട്ടം 88(ii) ൽ ഇളവു വരുത്തി ടി കാലയളവ് ആർജ്ജിതാവധിക്കു കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു. കൂടാതെ 01.01.2010 മുതൽ 31.03.2010 വരെയും 28.09.2010 മുതൽ 26.11.2010 വരെയുമുള്ള ശൂന്യവേതനാവധി കാലയളവുകൾ 3 മാസത്തിൽ അധികരിക്കാത്തതിനാൽ കെ.എസ്.ആർ. ഭാഗം I, ചട്ടം 88 (ii) പ്രകാരം നിയന്ത്രണാധികാരിക്കു തന്നെ അനുവദിക്കാവുന്നതാണ് എന്നതിനാൽ 01.01.2010 മുതൽ 31.03.2010 വരെയും പ്രസവാവധിക്കുശേഷമുള്ള 60 ദിവസത്തെ ശൂന്യവേതനാവധിയും റദ്ദാക്കിയ ഉത്തരവ് പുന:സ്ഥാപിക്കുവാൻ വേണ്ട നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിയ്ക്കേണ്ടതുമാണ്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീകല സി. എസ്

ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവനപുസ്തകം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട. (പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, മെഴുവേലി ഗ്രാമ പഞ്ചായത്ത്, പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീമതി എച്ച്. റിനിജ, മുൻ ക്ലാർക്ക്, മെഴുവേലി ഗ്രാമ പഞ്ചായത്ത്, പത്തനംതിട്ട
(പഞ്ചായത്ത് ഡയറക്ടർ മുഖേന).
ധനവകുപ്പ് ( 15.06.2016 ലെ ഇ-127429/ആർബി2/15/ധന നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(206/ഇപിഎ 1/2015/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ